# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ: എ.ഡി.എ1-1-308/2016 തീയതി: 25.10.2017

## സർക്കുലർ

വിഷയം: ജീവനക്കാര്യം - താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്ന 4% അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അപേക്ഷ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. GO (MS) No.31/06/GAD dated 25.01.2006.
2. GO (MS) No.196/2010/GAD dated 17.05.2010.
3. WP(C) 30620/2016 തീയതി 29.03.2017 പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതി വിധിന്യായം.
4. 31.08.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നം. 34/17.11/172065.
5. സർവ്വകലാശാല ഉത്തരവ് നം. 5603/എ1/1/2017/ഭരണവിഭാഗം തീയതി, 18.09.2017.

------

സൂചന (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം, സർവ്വകലാശാലാ അസിസ്റ്റന്റ് തസ്തികയിലെ (എൻട്രി കേഡർ) 4% ഒഴിവുകൾ താഴ്ന്ന തസ്തികയിൽ 4 വർഷം സേവനം പൂർത്തിയാക്കുകയും അംഗീകൃത സർവ്വകലാശാല ബിരുദവുമുള്ള താഴ്ന്ന വിഭാഗം തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി നീക്കി വെച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സൂചന (3) പ്രകാരമുള്ള വിധിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിലെ ആകെയുള്ള എണ്ണത്തിന്റെ (712) 4% താഴ്ന്ന വിഭാഗം ജീവനക്കാർക്കായി തസ്തിക മാറ്റം വഴി നിയമനത്തിനായി മാറ്റിവെച്ചിട്ടുണ്ട് എന്നത് പരിഗണിച്ച് ഈ സർവ്വകലാശാലയിലും ടി ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിരുന്നു. ഇപ്രകാരം ലഭിച്ച സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശം അംഗീകരിക്കാനും തുടർനടപടികൾ കൈക്കൊള്ളാനും സൂചന (4) പ്രകാരം തീരുമാനിക്കുകയും സൂചന (5) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

മേൽ വിവരിച്ചിരിക്കുന്ന പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്കായി നീക്കി വയ്ക്കേണ്ട 28 തസ്തികളിൽ നിലവിൽ ഒഴിവുകളുള്ള 6 തസ്തികകളിലേയ്ക്ക്, രൂപ 27,800 – 59,400/- ശമ്പള സ്കെയിലിന് തൊട്ട് താഴെ വരെ ശമ്പള സ്കെയിലുള്ളവരും 4 വർഷം സർവ്വീസുമുള്ള അംഗീകൃത സർവ്വകലാശാല ബിരുദധാരികളായ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നു.

ലഭിക്കുന്ന അപേക്ഷകരിൽ നിന്നും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലും, സർക്കാർ ഉത്തരവുകളുടേയും സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമായിരിക്കും നിയമനം നൽകുക.

പൂരിപ്പിച്ച അപേക്ഷകൾ ഓഫീസ് മേലധികാരി മുഖേന **ഒക്ടോബർ 30**-ാം തീയതിയ്ക്കകം Ad.AI. സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്.

ഒപ്പ്
**ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)**
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:
1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിന്റെ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. പബ്ലിക് റിലേഷൻസ് ഓഫീസർ.
6. നോട്ടീസ് ബോർഡ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റൻറായി രൂപ 27,800 – 59,400/- ശമ്പള സ്കെയിലിൽ (താല്കാലികം) നിയമനത്തിനായുള്ള അപേക്ഷ**

**(സർവ്വകലാശാല ഉത്തരവ് നം. 5603/എ1/1/2017/ഭരണവിഭാഗം തീയതി, 18.09.2017)**

| | | |
|---|---|---|
| 1 | അപേക്ഷകൻെറ പേരും ഉദ്യോഗപ്പേരും | |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതിയും തസ്തികയുടെ പേരും | |
| 3 | നിലവിലെ തസ്തികയും, ടി തസ്തികയിൽ പ്രവേശിച്ച തീയതിയും, ശമ്പള സ്കെയിലും | |
| 4 | വിദ്യാഭ്യാസ യോഗ്യത | |
| | സർവ്വകലാശാലയുടെ പേര് | |
| | രജിസ്റ്റർ നമ്പർ | |
| | പാസായ വർഷം | |
| | പരീക്ഷാഫലം പ്രസിദ്ധീകരിച്ച തീയതി (ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) | |
| വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. | | |

**സർട്ടിഫിക്കറ്റ്**

മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകൾ എൻെറ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എന്തെങ്കിലും തെറ്റായ വസ്തുതകൾ ശ്രദ്ധയിൽപെട്ടാൽ നിയമനം റദ്ദാക്കുന്നതിന് കാരണമാണെന്ന് എനിക്ക് പൂർണ്ണ ബോധ്യമുള്ളതാണ്.

സ്ഥലം:

തീയതി:

ഒപ്പ്

പേര്:

തസ്തിക:

സെക്ഷൻ/ഡിപ്പാർട്ട്മെൻറ്:

മൊബൈൽ നമ്പർ: